## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4779 | 01.07.2013 ൽ മറുപടിയ്ക്ക്

# മുഖ്യമന്ത്രിയുടെ പുതിയ ജനസമ്പർക്ക പരിപാടി

ചോദ്യം

ശ്രീ.പി.എ.മാധവൻ
'' കെ.മുരളീധരൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' ജോസഫ് വാഴക്കൻ

ഉത്തരം

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) മുഖ്യമന്ത്രിയുടെ പുതിയ ജനസമ്പർക്ക പരിപാടി നടത്തുന്നതിനുള്ള തീയതികൾ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ). ഉണ്ട്. ജില്ലാ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ജനസമ്പർക്ക പരിപാടികളുടെ തിരക്ക് കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) 2013 ആഗസ്റ്റ് മാസം ആരംഭിക്കുന്ന ജനസമ്പർക്ക പരിപാടിയിൽ അക്ഷയ സെന്ററുകൾ, താലൂക്ക് ഓഫീസ്, കളക്ട്രേറ്റ് എന്നിവ മുഖേനയും, ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ വഴിയും ലഭിക്കുന്ന പരാതികൾ ആദ്യം ജില്ലാതലത്തിൽ ചുമതലയുള്ള മന്ത്രിയുടെ നേതൃത്വത്തിൽ പരിഹരിക്കാൻ ശ്രമിക്കുകയും ബഹു.മുഖ്യമന്ത്രി നേരിൽ കണ്ട് തീരുമാനമെടുക്കേണ്ട പരാതിക്കാരെ മാത്രം ജനസമ്പർക്ക ദിനത്തിൽ വിളിച്ചുവരുത്തുക എന്നതുമാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) ജനസമ്പർക്ക പരിപാടികൾക്ക് മുൻപ് പരാതികൾ നൽകാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (സി) ജനസമ്പർക്ക പരിപാടികൾക്ക് മുൻപ് അക്ഷയ സെന്ററുകളിലൂടെയും താലൂക്ക് ഓഫീസ്, കളക്ട്രേറ്റ് എന്നിവിടങ്ങൾ വഴിയും ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ ഉപയോഗിച്ചും പരാതി നൽകാൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയുടെ 30 ദിവസം മുമ്പ് വരെ പരാതി നൽകാവുന്നതാണ്. |
| (ഡി) കിട്ടുന്ന പരാതികൾ സ്വീകരിക്കുവാനും അവയ്ക്ക് പരിഹാരം കാണുവാനും ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ജനസമ്പർക്ക പരിപാടിയിലേക്ക് കിട്ടുന്ന പരാതികൾ സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഒരു വെബ് പോർട്ടൽ രൂപികരിക്കുന്നതാണ്. എല്ലാ ജില്ലാതല ഓഫീസർമാർക്കും റവന്യൂ വകുപ്പിലെ തഹസിൽദാർമാർക്കും ജനസമ്പർക്ക വെബ് പോർട്ടലിൽ ഒരു യൂസർ അക്കൗണ്ട് ഉണ്ടായിരിക്കും. എല്ലാ ദിവസവും വൈകിട്ട് ജനസമ്പർക്ക പരിപാടിയുടെ ജില്ലാ സെല്ലിൽ നിന്നും ജില്ലാഓഫീസർമാരുടെ അക്കൗണ്ടിലേക്ക് പരാതി ഓൺലൈനി ലൂടെത്തന്നെ കൈമാറുന്നു. പരാതിയെപ്പറ്റി അന്വേഷിച്ചു 15 ദിവസത്തിനകം നിജസ്ഥിതി ജില്ലാ ഓഫീസർ കളക്ട്രേറ്റിലെ ജനസമ്പർക്ക സെല്ലിൽ ഓൺലൈനിലൂടെ അറിയിക്കുന്നതാണ്. തുടർന്നുള്ള അഞ്ചു ദിവസത്തിനുള്ളിൽ കളക്ടർമാർ പരാതികളിൽമേൽ അവരുടെ ശുപാർശ/റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതാണ്. |

കൂടാതെ ജനസമ്പർക്ക പരിപാടിക്ക് കുറഞ്ഞത് 10-15 ദിവസം മുമ്പ് ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ നേതൃത്വത്തിൽ സ്ക്രീനിംഗ് കമ്മിറ്റി കൂടാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗ് അവസാനിക്കുന്നതിന് മുമ്പ് മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ ഈ മീറ്റിംഗിൽ പങ്കെടുക്കുന്നതാണ്. പൊതുവായിവരുന്ന വിഷയങ്ങൾ നയപരമായ കാര്യങ്ങൾ, മുഖ്യമന്ത്രിയുടെ അധികാര പരിധിയിൽ വരുന്നതോ മന്ത്രിസഭയിൽ തീരുമാനിക്കേണ്ടതോ ആയ പരാതികൾ എന്നിവ വീഡിയോ കോൺഫറൻസിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. മുഖ്യമന്ത്രി പരാതിക്കാരനെ നേരിട്ടു കാണേണ്ടതായ പരാതികളും ഈ കമ്മിറ്റി തന്നെ തീരുമാനിക്കും. ക്യാബിനറ്റ് /നയപരമായ തീരുമാനങ്ങൾ ആവശ്യമുള്ള പരാതികൾ സ്ക്രീനിംഗ് കമ്മിറ്റി കഴിഞ്ഞു ചേരുന്ന അടുത്ത മന്ത്രിസഭാ യോഗത്തിൽ അവതരിപ്പിച്ചു തീരുമാനമെടുക്കുന്നതാണ്. സ്ക്രീനിംഗ് കമ്മിറ്റി കഴിയുമ്പോൾ പരാതികളിന്മേലുള്ള തീരുമാനങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കാനും ഇത് എസ്.എം.എസ്/ഓൺലൈൻ വഴി പരാതിക്കാരെ അറിയിക്കാനും ഉദ്ദേശിക്കുന്നു. ജനസമ്പർക്ക ദിനത്തിൽ മുഖ്യമന്ത്രിയെ കാണുവാനുള്ള സമയക്രമം എസ്.എം.എസിലൂടെയും, കത്തിലൂടെയും, വെബ്സൈറ്റ് വഴിയും അറിയിക്കുന്നതാണ്. കൂടാതെ ജനസമ്പർക്ക ദിനത്തിൽ നേരിട്ട് പരാതിയുമായി വരുന്നവരെ പരിപാടിക്കു ശേഷം ബഹു.മുഖ്യമന്ത്രി കാണുന്നതും പരാതികൾ സ്വീകരിക്കുന്നതുമാണ്.

Kunlakirsh

**സെക്ഷൻ ഓഫീസർ**

# <u>അനുബന്ധം</u>

| നമ്പർ | ജില്ല | തീയതി |
|---|---|---|
| 1 | തിരുവനന്തപുരം | 12.08.2013 |
| 2 | മലപ്പുറം | 17.08.2013 |
| 3 | ആലപ്പുഴ | 20.08.2013 |
| 4 | വയനാട് | 23.08.2013 |
| 5 | കണ്ണൂർ | 26.08.2013 |
| 6 | കാസർഗോഡ് | 30.08.2013 |
| 7 | എറണാകുളം | 02.09.2013 |
| 8. | കോഴിക്കോട് | 6.09.2013 |
| 9 | പത്തനംതിട്ട | 09.09.2013 |
| 10 | പാലക്കാട് | 26.09.2013 |
| 11 | കൊല്ലം | 30.09.2013 |
| 12 | തൃശ്ശൂർ | 4.10.2013 |
| 13 | ഇടുക്കി | 8.10.2013 |
| 14 | കോട്ടയം | 11.10.2013 |

Kulakuh

സെക്ഷൻ ഓഫീസർ